**കേരള കാർഷിക സർവകലാശാല**

**ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര**

**കെഎയു പി .ഒ, വെള്ളനിക്കര, തൃശ്ശൂർ - 680656, Ph: 0487-2961457, e-mail: ifvka@kau.in**

നം. COAVKA/8516/2024-IF-A2 തീയതി. വെള്ളാനിക്കര, 04-12-2024

**ക്വട്ടേഷൻ നോട്ടീസ്**

വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ വിവിധ ആവശ്യങ്ങൾക്കായി 2025 വർഷത്തേക്ക് ചാണകം ആവശ്യാനുസരണം എത്തിച്ച് തരുന്നതിന് താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ നിന്നും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിൽ സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതിയും സമയവും | 18/12/2024, 10.30 AM |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും, സമയവും | 18/12/2024, 11 AM |
| സപ്ലൈ ഓർഡർ കാലാവധി (ക്വട്ടേഷൻ നിബന്ധനകൾ കൃത്യമായി പാലിക്കുന്ന പക്ഷം) | 01/01/2025 മുതൽ 31/12/2025 |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | പ്രൊഫസർ ആന്റ് ഹെഡ്<br>ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര,<br>കെ.എ.യു. P O, 680656 |

**<u>നിബന്ധനകൾ</u>**

**1.**ക്വട്ടേഷൻ കവറിനു പുറത്ത് എഴുതേണ്ടത് : **2025 വർഷത്തേക്ക് വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലേക്ക് ചാണകം എത്തിച്ച് തരുന്നതിനുള്ള ക്വട്ടേഷൻ.**

2 . **ഒരു ടൺ** ചാണകം താഴെ പറയുന്ന രീതികളിൽ എത്തിച്ച് തരുന്നതിന് ആവശ്യമായ തുകയാണ് രേഖപ്പെടുത്തേണ്ടത് (വണ്ടി വാടക, കയറ്റിറക്ക് കൂലി, നികുതി മറ്റ് ചിലവുകൾ ഉൾപ്പെടെ)

| | |
|---|---|
| a | ഒരു ടൺ ചാണകം ഫാമിലെ നിർദ്ദേശിക്കുന്ന സ്ഥലത്ത് മൊത്തമായി ഇറക്കിതരുന്നതിന് വേണ്ട തുക. |
| b | ഒരു ടൺ ചാണകം ഫാമിൽ എത്തിച്ച് വിവിധ വിളകളുടെ ചുവട്ടിൽ താഴെപറയുന്ന അളവിൽ ഇട്ട് തരുന്നതിന് ആവശ്യമായ തുക (തെങ്ങുകളുടെ ചുവട്ടിൽ 50 kg വീതവും, കമുകിന്റെ ചുവട്ടിൽ 25kg വീതവും, ഓർച്ചാഡ് ചെടികളുടെ ചുവട്ടിൽ 25 kg വീതവും ആണ് ഇടേണ്ടത്). |

3. മേൽ പറയും പ്രകാരം ചാണകം എത്തിച്ച് തരുന്നതിന് ആവശ്യമായ തുകകൾ **പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.** മേൽ തുകകൾ വളരെ വ്യക്തമായി അക്ഷരത്തിലും, അക്കത്തിലും എഴുതിയിരിക്കണം. ക്വട്ടേഷൻ മേൽ സൂചിപ്പിച്ച വിലാസത്തിൽ അയക്കേണ്ടതോ, എത്തിക്കേണ്ടതോ ആണ്.

4. ചാണകത്തിന്റെ തൂക്കം ഫാം സൂപ്രണ്ടിനെ അറിയിക്കേണ്ടതും അംഗീകൃത വെയ്ബ്രിജ് രസീത് ഹാജരാക്കേണ്ടതാണ്.

5.മണ്ണോ മറ്റ് മാലിന്യങ്ങളോ കലരാത്ത വെള്ളം വാർന്ന ചാണകമാണ് ഇറക്കിത്തരേണ്ടത്. ഗുണനിലവാരമില്ലാത്ത ചാണകം ഇറക്കുന്നപക്ഷം സപ്ലൈ ഓർഡർ റദ്ദ് ചെയ്യുന്നതിനുള്ള ഉള്ള പൂർണ്ണ അധികാരം സ്ഥാപനമേധാവിയിൽ നിക്ഷിപ്തമായിരിക്കും.

6.സപ്ലൈ ഓർഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ഈ സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെടുന്ന ദിവസങ്ങളിൽ തന്നെ ചാണകം ലഭ്യമാകേണ്ടതാണ്.

7.ഫാമിലേക്ക് ചാണകം എത്തിച്ച് ഇറക്കിത്തരുമ്പോൾ ഫാമിലെ മറ്റ് വിളകൾക്കും, വസ്തു വകകൾക്കും നാശം സംഭവിക്കരുത്.

8.ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് സാധുവായ PAN കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.

9.മേൽ പറഞ്ഞ തിയ്യതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ മേൽ പറഞ്ഞ തിയതിയിൽ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ വാടക നിരക്ക് രേഖപ്പെടുത്തിയ ആളിന്റ പേരിൽ യുക്തമെന്ന് തോന്നുന്നപക്ഷം സപ്ലൈ ഓർഡർ നൽകുന്നതുമാണ്.

10.ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ, നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സ്ഥാപനമേധാവിയിൽ നിക്ഷിപ്തമായിരിക്കും.

11.മേൽ പറഞ്ഞ ദിവസങ്ങൾ ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ ക്വട്ടേഷനുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം 10.30 AM വരെ സ്വീകരിക്കുന്നതും 11 AM ന് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.

12. സപ്ലൈ ഓർഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ജോലിക്ക് നിയോഗിക്കുന്ന തൊഴിലാളികളുടെ നിയമ പ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മറ്റ് നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം സപ്ലൈ ഓർഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം മാത്രമാണ്. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.

13.സർക്കാർ/സർവകലാശാല ക്വട്ടേഷൻ/ടെൻഡർ നിബന്ധനകൾ എല്ലാം തന്നെ ഈ ക്വട്ടേഷനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ സ്ഥാപനത്തിൽ നേരിൽ വരുകയോ, 0487-2961457 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

Signed by
Anitha S
Date: 04-12-2024 16:45:47

**Anitha S**
**Professor & Head**

സ്വീകർത്താവ്

**കേരള കാർഷിക സർവകലാശാല വെബ്സൈറ്റ്,**

**നോട്ടീസ് ബോർഡ്, PPNMU, വെള്ളാനിക്കര, ARS, മണ്ണുത്തി**

പകർപ്പ്

ശ്രീ ഷൈജു ഡി ഒല്ലേക്കാട്ട്, ഫാം സൂപ്രണ്ട്